*Celebrating Extraordinary Missionary Month October 2019…*

**Monday, 14 October 2019**

ഏലിയാ സ്ലീവാ മൂശാകാലം ആറാം തിങ്കൾ

Mt 18:10-14

# വഴി തെറ്റിയതിനെ അന്വേഷിച്ചിറങ്ങുന്ന യേശു

Fr. Winson Moyalan CMI

വഴി തെറ്റിയ ആടിനെ തേടിയിറങ്ങുന്ന ഉപമ ലൂക്കാ 15:3-7 ലും നാം വായിക്കുന്നുണ്ട്. ഒരേ കാര്യം രണ്ട് സാഹചര്യങ്ങളിലാണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്.
വി. ലൂക്കായുടെ സുവിശേഷത്തിൽ പാപികളുടേയും, ചുങ്കകാരുടേയും കൂടെ ഭക്ഷിക്കുകയും, സമ്പർക്കം പുലർത്തുകയും ചെയ്യുന്ന യേശുവിനെ ഫരിസേയർ വിമർശിക്കുമ്പോഴാണ് തന്റെ പ്രവർത്തിയെ ന്യായീകരിച്ചു കൊണ്ട് വഴി തെറ്റിയ ഒന്നിനെ അന്വേഷിച്ചു പോകുന്നതിനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നതെന്ന് യേശു പ്രഖ്യാപിക്കുന്നത്.

ഇന്ന് നാം വായിച്ചു കേട്ട മത്തായിയുടെ സുവിശേഷത്തിലാകട്ടെ, തന്റെ ശിഷ്യന്മാർക്കുള്ള ഒരു പ്രബോധനമായിട്ടാണ് എഴുതപ്പെട്ടിട്ടുള്ളത്. പാപം മൂലമോ, രോഗം മൂലമോ, ദാരിദ്ര്യം മൂലമോ, മറ്റെന്തെങ്കിലും കാരണം മൂലമോ ഒറ്റപ്പെടുകയും, അവഗണിക്കപ്പെടുകയും ചെയ്ത ഏത് മനുഷ്യനും ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ടവനും, കൂടുതൽ അമൂല്ല്യനുമാണ്. വഴിതെറ്റി പോയ അംഗങ്ങളെ മുഖ്യധാരയിലേക്ക് കൂട്ടികൊണ്ടുവരിക എന്നതാണ് ശിഷ്യഗണത്തിന്റെ പ്രഥമ പരിഗണനയത്രേ!നമ്മുടെ നിലയ്ക്കും വിലയ്ക്കും ചേർന്നു പോകുന്നവരെ മാത്രമേ നാം കൂടെ കൂട്ടാറുള്ളൂവെങ്കിൽ അത് ന്യൂനതയുള്ള ശിഷ്യത്വമാണ്. സഭയുടെ മുഖ്യ ശ്രദ്ധ അങ്ങനെയുള്ളവരിൽ പ്രധാനമായും ഒതുങ്ങി നില്ക്കുന്നുവെങ്കിൽ നാം യേശുവിന്റെ പ്രേഷിത ദൗത്യത്തിൽ നിന്ന് ഏറെയേറെ അകലെയാണ്. സഭ ഭൗതീക ലോകത്തിന്റെ പിടിയിലമർന്നിരിക്കുന്നു എന്നതിന്റെ സൂചനയാണത്.

യേശുവിന്റെ കാരുണ്യ പ്രവർത്തനങ്ങളേക്കാൾ സാമ്പത്തിക നേട്ടങ്ങളുടെ പാതയിലാണ് നാമൊക്കെ ചരിച്ചുകൊണ്ടിരിക്കുന്നത്. ഭൂരിപക്ഷം പേരും, സമർപ്പിതർപ്പോലും കാലഹരണപ്പെട്ട മൂല്ല്യങ്ങളായിട്ടാണ് യേശുവിന്റെ പഠനങ്ങളെ വിലയിരുത്തുന്നതും, വ്യാഖ്യാനിക്കുന്നതും. സാമ്പത്തിക നേട്ടമില്ലാത്തതൊന്നും ചർച്ചകളിൽ പോലും ഉയർന്നു വരാൻ പാടില്ലെന്ന ശാഠ്യമാണെങ്ങും.

നമ്മുടെ എല്ലാ പ്രേഷിത മേഖലയും അധ:കൃതരുടെ ഉന്നമനം ലക്ഷ്യം വച്ചു കൊണ്ടുള്ളതാകണം. എല്ലാവരേയും, പ്രത്യേകിച്ച് മുഖ്യധാരയിൽ നിന്ന് അകറ്റി നിർത്തപ്പെട്ടവരെ വളർച്ചയുടേയും, രക്ഷയുടേയും മാർഗ്ഗത്തിലേക്ക് കൂട്ടികൊണ്ടു വരുന്ന പ്രവർത്തനങ്ങളെയാണ്

വിലപ്പെട്ട അജപാലന ദൗത്യമായി യേശു ഇന്ന് നമ്മുടെ
മുമ്പിൽ  അവതരിപ്പിക്കുന്നത്.

*Published by*
CMI General Department of Evangelization and Pastoral Ministry